കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽന്റേയും രോഗികൾക്ക് തുടർ ചികിത്സ നൽകി വരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതർക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി പെൻഷനായി 400 രൂപയും നൽകിവരുന്നു. ഇതുകൂടാതെ ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോ സൾഫാൻമൂലം ഗുരുതരമായതും ദീർഘകാലചികിത്സ ആവശ്യമുള്ളതും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ, ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗപെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000 രൂപവീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6-12-2010-ന് ഉത്തരവായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 9-4-2010-ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽനിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധ ആശുപത്രികളിലൂടെ ഒരു രോഗിക്ക് 50,000 രൂപ വരെ ചികിത്സയ്ക്കായി നൽകുന്നുണ്ട്. വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പി.എച്ച്.സി. സി.എച്ച്.സി., ജനറൽ ഹോസ്പിറ്റൽ കാസർഗോഡ്, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ നിർമ്മാണവും വിതരണവും നിയന്ത്രിക്കുന്നതിന് നടപടി

3 (575) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മനുഷ്യന്റെ ആരോഗ്യത്തിനും അവയവങ്ങൾക്കും ഹാനീകരമായ വസ്തുക്കൾ ഉണ്ടാക്കുന്നതും വില്പന നടത്തുന്നതും നിയന്ത്രിക്കാനും നിരോധിക്കാനും സർക്കാരിന് അധികാരം നൽകുന്ന നിയമങ്ങൾ നിലവിലുണ്ടോ ;

എങ്കിൽ അവയുടെ പ്രസക്തഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാൻ പരാഗ്, ചമ്പാക്ക്, ഖൈനി, ചൈനി, തുടങ്ങി പുകയിലയും മറ്റ് രാസവസ്തുക്കളും ചേർത്ത് നിർമ്മിച്ച് വില്പന നടത്തുന്ന വിഷവസ്തുക്കൾ സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ലബോറട്ടറി സൗകര്യങ്ങളുപയോഗിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവ ഉപയോഗിക്കുന്ന മനുഷ്യരിൽ ദോഷകരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) അങ്ങിനെ തെളിയിക്കപ്പെട്ടിട്ടില്ലെങ്കിൽ അവ വില്പന നടത്തുന്നത് നിരോധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ; ഇതേവരെ അത്തരം പരിശോധന നടത്തിയിട്ടില്ലെങ്കിൽ അടിയന്തരമായി പരിശോധന നടത്തി ഫലം പ്രസിദ്ധീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്തുരോഗ സർവ്വേഫലത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

4 (576) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിലും പ്രത്യേകിച്ച് തീര പ്രദേശത്തും നടത്തിയ ആരോഗ്യ സർവ്വേകളിൽ അവിടങ്ങളിൽ മന്തുരോഗ ലക്ഷണങ്ങൾ വളരെ കൂടുതലായി കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വേ ഫലം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് രോഗം പരത്തുന്നതിന് പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അതുപോലെതന്നെ "മൈക്രോഫൈലേറിയ" എന്ന രോഗാണു വാഹകരായി അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളും രോഗം പകരുന്നതിന് കാരണമാകുന്നതായി സർവ്വേയിൽ കണ്ടെത്തുകയുണ്ടായോ ;

(ഇ) സർവ്വേഫലത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly